**GAZETTE DATE : 15.12.2025**
**LAST DATE : 14.01.2026**

## CATEGORY NO: 561/2025

Applications are invited online only by One Time Registration exclusively from qualified candidates for selection to the under mentioned post in Kerala Government Service.

1. **Department** : **General Education**
2. **Name of Post** : **Sewing Teacher (High School)**
3. **Scale of pay** : **₹ 35,600 – 75,400/-**
4. **No. of vacancies** : **District wise**

| District | No. of Vacancies |
|---|---|
| Thiruvananthapuram | Anticipated Vacancies |
| Pathanamthitta | 1 (One) |
| Ernakulam | Anticipated Vacancies |
| Malappuram | Anticipated Vacancies |
| Kozhikode | Anticipated Vacancies |
| Kasaragod | Anticipated Vacancies |

One (1) vacancy for the post of Sewing Teacher (HS) in General Education Department in Ernakulam district set apart as per RPWD Act 2016 due to the non availability of candidates belonging to DA-Hearing Impairment Category, in the previous Ranked List for this post, will be filled up from the candidates in the same DA Category from the Ranked List published as per this Notification. If candidates are not available in the respective DA category, the vacancy will be filled up from other available DA category and in the absence of DA candidates, the vacancy will be filled up from General Category.

***Note***:-

(i) Candidates shall apply online only by One Time Registration on www.keralapsc.gov.in. Applications submitted in any other manner will be summarily rejected.

(ii) Separate Ranked lists will be prepared for each district in pursuance of this notification. The Ranked lists thus prepared and published by the Commission, shall remain in force for a minimum period of one year, subject to the condition that the said list will continue to be in force till the publication of a new list after the expiry of the minimum period of one year or till the expiry of three years whichever is earlier. Candidates will be advised for appointment against the aforesaid vacancies and also against the vacancies, if any, reported during the currency of the lists.

(iii) Candidates shall submit application for the post to any one of the above mentioned districts and shall note the name of that district against the relevant column in the online application. If applications are sent contrary to the above direction, and if the candidate is selected, his/her name will be removed from the Ranked List and disciplinary action will be taken against him/her.

(iv) The selection in pursuance of this notification will be made on a revenue district basis, subject to the special conditions laid down in G.O (Ms) No. 154/71/PD dated, 27.05.1971. A candidate advised for appointment in one revenue district from the Ranked List prepared is not eligible for transfer to another district unless he/she completes five years continuous service from the date of commencement of service in

former district. Even if transfer is allowed after five years, it will be subject to the rules in G.O(MS) No.4/61/PD dated, 02.01.1961. But as per the G.O.(P)No.12/96/P&ARD dated 16.3.1996 the conditions of 5 years Service is not applicable for transfer to the districts Idukki, Wayanad and Kasaragod. The concession will be available only for getting transfer to these districts but not for getting transfer out of these districts. And these concession will be granted only once in the career of a Govt. Servant. Candidates already in Government service holding this post in any one district are prohibited from applying again for this post, but they can apply to higher posts when notified.

(v) 4% of the total vacancies reported shall be reserved for eligible Differently Abled candidates with disabilities as specified vide G.O.(P) No.5/2023/SJD dated 01.10.2023.

(Link)
Present Order for Rights of Persons with Disabilities Act, 2016 Section 34

**5. Method of appointment** : Direct Recruitment

**6. Age Limit** : 18-40. Candidates should be born between 02.01.1985 and 01.01.2007 (Both dates included). SC/ST candidates and Other Backward Communities are eligible for usual age relaxation.

**Note:-** For concessions allowed in upper age limit, subject to the condition that the maximum age limit shall in no case exceed 50 years, please see para (2) of the General Conditions under Part II of this Notification.

**7. Qualifications:**

1. A Pass in S.S.L.C. Examination conducted by the Commissioner for Government Examinations ,Kerala or its equivalent.

AND

2. Group Certificate in Needle Work and dress making of the KGTE (Higher) or MGTE(Higher)

OR

Group Certificate in Tailoring of the KGTE (Higher) or MGTE(Higher)

OR

Group Diploma in Crafts issued by the Commissioner for Government Examinations, Kerala.

OR

National Trade certificate in Cutting and Tailoring issued by the National Council for Training in Vocational Trades, Government of India (GO (P) NO.106/82/G.Edn. Dated 29/07/1982.

OR

Diploma in Craftsmanship (Tailoring and Garment Making), awarded by the Director of Technical Education, Kerala.

OR

Diploma in Craftsmanship in Tailoring and Embroidery, awarded by the Director of Technical Education, Government of Kerala. (G.O(P)No.157/89/G.Edn Dated 24/08/1989).

OR

National Trade Certificate in Dress making issued by National Council for Training in Vocational Trades (G.O.(P)No.501/97/Edn.Dated 18/12/1997.

OR

Bachelor of Fashion Technology (BFT) from M. G University. (G.O (MS)No.40/2018/G.Edn Dated

12/04/2018).

OR

B.Sc Fashion & Apparel Design Technology (B.Sc FADT) from Kannur University (G.O(MS)No.40/2018/G.Edn.Dated 12/04/2018).

OR

B.Sc Costume & Fashion Designing from Calicut University (G.O(MS)No.40/2018/ G.Edn.Dated 12/04/2018).

OR

Diploma in Fashion Technology issued by the Kerala Industries & Labour Employment (KILE) (G.O (MS)No.74/2018/G.Edn Dated 29/05/2018).

OR

Diploma in Fashion Designing awarded by the Indira Gandhi National Open University (IGNOU) (G.O (MS)No.114/2019/G.Edn. Dated 06/08/2019).

OR

State Trade Certificate in Fashion Technology issued by the State Council for Vocational Training (SCVT) (G.O (MS)No.85/2024/G.Edn. Dated 14/07/2024)

OR

Bachelor of Fashion Technology from UGC approved Universities (G.O(MS)No.40/2025/ GEDN Dated 10/03/2025).

OR

Bachelor of Costume Designing from UGC approved Universities (G.O(MS)No.40/2025/ GEDN Dated 10/03/2025).

OR

One year Diploma Course in Apparel Manufacturing Technology conducted by The Apparel Training & Design Centre under the Ministry of Textiles, Govt of India (G.O(MS)No.109/2025/GEDN Dated 18/06/2025).

3. Must have passed the Kerala Teacher Eligibility Test IV (K-TET IV) for this post conducted by the Government of Kerala

(Link)

EQUIVALENT / HIGHER QUALIFICATION

**Exemption:** Candidates who have qualified CTET/NET/SET/M.Phil/Ph.D in the respective subjects or M.Ed are exempted from acquiring KTET (G.O.(P) No.145/16/G.Edn. Dated 30.08.16 and G.O.(P) No.206/16/G.Edn. Dated 08.12.2016).

As per G.O.(P)No.6/2024/GEDN dated 01.02.2024, CTET (Primary stage & Elementary stage) will not be considered against KTET Category IV.

Note (i)As per G.O(P). No.15/2020/G.Edn dated 09/10/2020, M.Ed which is prescribed as a substitute qualification for K-TET need not be subject specific.

(ii) M.Phil in the concerned subject be the one awarded by any of the Universities in Kerala or recognised as equivalent by any of the Universities in Kerala.

(iii) Rule 10(a) (ii) of Part II of the KS&SSR will be applicable for this post.

(iv) In addition to the qualification prescribed in the notification, the qualifications recognized by

executive orders or standing orders of Government as equivalent to a qualification specified for a post, in the special rules or found acceptable by the Commission in cases where acceptance of equivalent qualifications is provided for in the rules and such of those qualifications which pre-suppose the acquisition of the lower qualification prescribed for the post , shall also be sufficient for the post. The copy of the Government orders declaring equivalent/higher qualifications shall be produced as and when required by the commission.

8. SPECIAL CONCESSIONS REGARDING APPOINTMENT AND AGE LIMIT

(i) Preference will be given as laid down in G.O.(MS) No. 50/70/PD dated 12.02.1970 and G.O.(MS) No. 9/78/G.Edn. Dated 21.01.1978 to the wives of Jawans in the matter of recruitment as Teachers, if they possess the prescribed qualifications. Soldiers in active service and those working in Base Establishment are included under the term `Jawans'. Wives of Jawans should select "Are you entitled to any priority" as "yes" on the online application and give the details in the space following. Such candidates should obtain proper certificates from the Officer Commanding stating the name, military rank and military address of their husbands and produce the same as and when required by the Commission (G.O (MS) No. 509/64/Edn. Dated 19.09.1964, G.O.(MS) No. 614/65/Edn. Dated 09.11.1965 and G.O (MS) No. 243/66/Edn. Dated 27.05.1966).

(ii) Laboratory Attenders in the Departmental High Schools in the State who have rendered at least 5 years satisfactory service and who possess the prescribed qualification will be exempted from age limit. They should produce proper certificates from the Headmaster of the school specifying the date of commencement of their service and the total service put in by them as and when required by the Commission. The candidates who claim exemption on this basis will be considered only against vacancies to be filled up by open competition on the basis of merit alone. (G.O. (Ms) No.315/62/Edn. Dated 14.05.1962)

(iii) First Class Scouts and Guides will be given preference in the matter of appointment as Teachers (G.O (MS) No. 122/75/G.Edn. Dated 27.05.1975 and GO (MS) No 50/70/PD dtd 12.2.1970.)

**Note:-** The candidates who are eligible for the above preferences or concessions in upper age limit or concessions by virtue of any of the reason mentioned in Para 2 of the General Condition should claim the same through the "weightage and preferences" link provided in their One Time Registration Profile and give details in the space provided. The applications of candidates who are eligible for concession in upper age limit and who do not claim the same, are liable to be rejected presuming that they are over aged candidates. Upper age limit after allowing the relaxation as per rule should not exceed 50 years of age (see para 2 of General Conditions).

9. **Method of Submitting Application :**

Candidates must register as per 'ONE TIME REGISTRATION' with the official Website of Kerala Public Service Commission **www.keralapsc.gov.in** before applying for the post. Candidates who have registered can apply by logging on to their profile using their User-ID and Password. Candidates must click on the **'Apply Now'** button of the respective posts in the Notification Link to apply for a post. **Candidates creating new profile should upload the photograph taken within 6 months.** Name of the candidate and the date of photograph taken should be printed legibly at the bottom portion. The photograph once uploaded meeting all requirements shall be valid for 10 years from the date of taking of photograph. There is no change in other instructions regarding the uploading of photographs. No application fee is required. Candidates are responsible for the correctness of the personal information and secrecy of password. Before the final submission of the application on the profile, candidates must ensure correctness of the information in their profile. They must quote the User-ID for further communication with the Commission. Application submitted is provisional and cannot be deleted or altered after submission. **Candidates are advised to keep a printout or soft copy of the online application for future reference. Candidates can take the printout of the application by clicking on the**

**link 'My applications' in their profile. All correspondences with the Commission, regarding the application should be accompanied with the print out of the application.** The application will be summarily rejected if non-compliance with the notification is found in due course of processing. Original documents to prove qualification, experience, age, Community etc. have to be produced as and when called for. **Candidates who have AADHAAR card should add AADHAAR card as I.D. Proof in their profile.**

10. **Last Date for receipt of applications : 14.01.2026 Wednesday up to 12.00 Midnight.**

11. **Website Address :** www.keralapsc.gov.in

12. **Special Instructions to Candidates:**

i) In the case of difference in Caste/Community claimed in the application and that entered in SSLC book, the candidate shall produce a Gazette Notification in this regard, along with Non-Creamy Layer Certificate/Community Certificate at the time of certificate verification.

ii) Candidates are required to acquaint themselves with the instructions given in the notification as Part II, General Conditions before submitting application for the post. Applications which are not submitted in accordance with the terms and conditions laid down in the General Conditions are liable to be rejected.

iii) Appropriate disciplinary action as per Rule 22 of the Kerala Public Service Commission Rules of Procedure 1976 shall be initiated against those candidates who submit applications with bogus claims of qualification regarding education, experience etc and are liable to be disqualified for being considered for a particular post or debarment from applying to the Commission either permanently or for any period or the invalidation of their answer scripts or products in a written/practical test or the initiation of criminal or other proceedings against them or their removal or dismissal from office or the ordering of any other disciplinary action against them if they have already been appointed, or any one or more of the above.

iv) If a Written Test/OMR/Online Examination is conducted as a part of this selection, candidates shall submit a confirmation for writing the examination through their 'One Time Registration' Profile. Such candidates alone can generate and download the Admission Ticket in the last 15 days till the date of test. The applications of the candidates who do not submit confirmation within the stipulated period will be rejected absolutely. The periods regarding the submission of confirmation and the availability of Admission Ticket will be published in the examination calendar itself. Information in this regard will be given to the candidates in their respective profiles and in the mobile phones registered in it.

(For details, including photo, ID Card etc please see the General Conditions given below as Part II of this Notification)

**SAJU GEORGE**
**SECRETARY**
**KERALA PUBLIC SERVICE COMMISSION**

## കാറ്റഗറി നമ്പർ : 561/2025

കേരള സർക്കാർ സർവ്വീസിൽ താഴെപ്പറയുന്ന തസ്തികയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും ഒറ്റത്തവണ രജിസ്ട്രേഷൻ പ്രകാരം ഓൺലൈനായി മാത്രം അപേക്ഷകൾ ക്ഷണിക്കുന്നു.

1. **വകുപ്പ്** : **പൊതുവിദ്യാഭ്യാസം**
2. **ഉദ്യോഗപ്പേര്** : **തയ്യൽ ടീച്ചർ (ഹൈസ്കൂൾ)**
3. **ശമ്പളം** : **₹ 35,600 – 75,400/-**
4. **ഒഴിവുകളുടെ എണ്ണം** : **ജില്ലാടിസ്ഥാനത്തിൽ**

| ജില്ല | ഒഴിവുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | പ്രതീക്ഷിത ഒഴിവുകൾ |
| പത്തനംതിട്ട | 1 (ഒന്ന്) |
| എറണാകുളം | പ്രതീക്ഷിത ഒഴിവുകൾ |
| മലപ്പുറം | പ്രതീക്ഷിത ഒഴിവുകൾ |
| കോഴിക്കോട് | പ്രതീക്ഷിത ഒഴിവുകൾ |
| കാസറഗോഡ് | പ്രതീക്ഷിത ഒഴിവുകൾ |

എറണാകുളം ജില്ലയിലെ പൊതു വിദ്യാഭ്യാസ വകുപ്പിലെ തയ്യൽ ടീച്ചർ (ഹൈസ്കൂൾ) തസ്തികയുടെ മുൻ റാങ്ക് പട്ടികയിൽ നിന്നും DA-Hearing Impairment വിഭാഗം ഭിന്നശേഷി ഉദ്യോഗാർത്ഥികളുടെ അഭാവത്താൽ നികത്തപ്പെടാത്ത ഒരു ഒഴിവ് RPWD Act 2016 അനുസരിച്ച് ഈ വിജ്ഞാപന പ്രകാരം പ്രസിദ്ധീകരിക്കുന്ന റാങ്ക് പട്ടികയിലെ അതേ ഭിന്നശേഷി വിഭാഗത്തിൽ നിന്നും, അവരുടെ അഭാവത്തിൽ ഇതര ഭിന്നശേഷി വിഭാഗത്തിൽ നിന്നും, അവരുടേയും അഭാവത്തിൽ പൊതു വിഭാഗത്തിൽ നിന്നും നിയമന ശിപാർശ ചെയ്യുന്നതിലേക്കായി മാറ്റി വച്ചിട്ടുണ്ട്.

**കുറിപ്പ്**

(i) അപേക്ഷകൾ കമ്മീഷന്റെ വെബ്സൈറ്റായ www.keralapsc.gov.in വഴി ഒറ്റത്തവണ രജിസ്ട്രേഷൻ പ്രകാരം ഓൺലൈനായി മാത്രം സമർപ്പിക്കേണ്ടതാണ്. അല്ലാതെയുള്ള അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

(ii) ഈ വിജ്ഞാപനപ്രകാരം മേൽ പരാമർശിച്ച ജില്ലകൾക്കായി പ്രത്യേക റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനു ശേഷം ഇതേ ജില്ലയിലേക്ക് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകളിലേക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

(iii) ഈ വിജ്ഞാപനപ്രകാരം ഉദ്യോഗാർത്ഥികൾ മുകളിൽ ചേർത്തിരിക്കുന്ന ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും, ജില്ലയുടെ പേര് ഓൺലൈൻ അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇതിന് വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽ കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻനിമിത്തം തെരഞ്ഞെടുക്കപ്പെടാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെ മേൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

(iv) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971-ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നമ്പർ 154/71/പി.ഡി.യിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 04/61/പി.ഡി.യിലെ വ്യവസ്ഥകൾക്കു വിധേയമായിരിക്കുന്നതാണ്. എന്നാൽ 16.03.1996-ലെ ജി.ഒ.(പി) 12/96/പി.ആന്റ് എ.ആർ.ഡി പ്രകാരം ഇടുക്കി , വയനാട് , കാസർഗോഡ് ജില്ലകളിലേയ്ക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് അഞ്ച് വർഷത്തെ സർവ്വീസ് ഉണ്ടായിരിക്കണമെന്ന നിബന്ധന ബാധകമല്ല. ഈ ആനുകൂല്യം അവരുടെ ഔദ്യോഗിക കാലാവധിയിൽ ഒരു പ്രാവശ്യം മാത്രമേ ലഭിക്കുകയുള്ളൂ. എന്നാൽ മേൽപ്പറഞ്ഞ ജില്ലകളിൽ നിന്നും മറ്റ് ജില്ലകളിലേയ്ക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിൽ

ഇരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ സമർപ്പിക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(v) ആകെ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിൽ 4% ഒഴിവുകൾ 01.10.2023 തീയതിയിലെ G.O.(P) No. 5/2023/SJD നമ്പർ സർക്കാർ ഉത്തരവിൽ പരാമർശിച്ചിട്ടുള്ള പ്രകാരം ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾക്കായി സംവരണം ചെയ്തിരിക്കുന്നു.

(Link)

Present Order for Rights of Persons with Disabilities Act, 2016 Section 34

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം.

**6. പ്രായപരിധി** : 18-40. ഉദ്യോഗാർത്ഥികൾ 02/01/1985-നും 01/01/2007-നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കും മറ്റ് പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും ഉയർന്ന പ്രായപരിധിയിൽ നിയമാനുസൃതമായ ഇളവുണ്ടായിരിക്കും.

**കുറിപ്പ് :-** യാതൊരുകാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് II ലെ പൊതു വ്യവസ്ഥകൾ നോക്കുക.

**7. യോഗ്യതകൾ :-**

1) കേരളത്തിലെ പരീക്ഷ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സി. പരീക്ഷ ജയിച്ചിരിക്കണം. അല്ലെങ്കിൽ തത്തുല്യമായ യോഗ്യത ഉണ്ടായിരിക്കണം.

2) നീഡിൽ വർക്ക് ആന്റ് ഡ്രസ്സ് മേക്കിംഗ് ഗ്രൂപ്പ് സർട്ടിഫിക്കറ്റ് കെ.ജി.റ്റി.ഇ (ഹയർ) അല്ലെങ്കിൽ എം.ജി.റ്റി.ഇ (ഹയർ).

അല്ലെങ്കിൽ

ടെയിലറിംഗിലുളള ഗ്രൂപ്പ് സർട്ടിഫിക്കറ്റ് കെ.ജി.റ്റി.ഇ (ഹയർ) അല്ലെങ്കിൽ എം.ജി.റ്റി.ഇ (ഹയർ).

അല്ലെങ്കിൽ

കേരളത്തിലെ പരീക്ഷ കമ്മീഷണർ നടത്തുന്ന ക്രാഫ്റ്റ്സിലുളള ഗ്രൂപ്പ് ഡിപ്ലോമ.

അല്ലെങ്കിൽ

ഇന്ത്യാ ഗവൺമെന്റ് നാഷണൽ കൗൺസിൽ ഫോർ ട്രെയിനിംഗ് ഇൻ വൊക്കേഷണൽ ട്രേഡ്സ് നൽകുന്ന കട്ടിംഗിലും ടെയിലറിംഗിലും ഉളള നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് (ജി.ഒ.(പി.) നമ്പർ 106/82/ജന.എഡ്യൂ. തീയതി 29.07.1982).

അല്ലെങ്കിൽ

കേരളത്തിലെ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ നൽകുന്ന ക്രാഫ്റ്റ്സ്മാൻഷിപ്പിലുളള ഡിപ്ലോമ (ടെയിലറിംഗ് ആന്റ് ഗാർമെന്റ് മേക്കിംഗ്.)

അല്ലെങ്കിൽ

കേരളത്തിലെ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ നൽകുന്ന ക്രാഫ്റ്റ്സ്മാൻഷിപ്പിലുളള ഡിപ്ലോമ (ടെയിലറിംഗ് ആൻറ് എംബ്രോയിഡറി) (ജി.ഒ.(പി.) നമ്പർ 157/89/ജന.എഡ്യൂ. തീയതി 24.08.1989)

അല്ലെങ്കിൽ

നാഷണൽ കൗൺസിൽ ഫോർ ട്രെയിനിംഗ് ഇൻ വൊക്കേഷണൽ ട്രേഡ്സ് നൽകുന്ന ഡ്രസ്സ് മേക്കിംഗിലുളള നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് (ജി.ഒ.(പി.) നമ്പർ 501/97/ജന.എഡ്യൂ. തീയതി 18.12.1997).

അല്ലെങ്കിൽ

മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി നൽകുന്ന ഫാഷൻ ടെക്നോളജിയിലുള്ള (ബി.എഫ്.റ്റി) ബിരുദം
(സ.ഉ.(കൈ) നം.40/2018/പൊ.വി.വ തീയതി 12.04.2018)

അല്ലെങ്കിൽ

കണ്ണൂർ യൂണിവേഴ്സിറ്റി നൽകുന്ന ഫാഷൻ ആൻഡ് അപ്പാരൽ ഡിസൈൻ ടെക്നോളജിയിലുള്ള (B.Sc F.A.D.T) ബി.എസ്.സി ബിരുദം .(സ.ഉ.(കൈ) നം.40/2018/പൊ.വി.വ തീയതി 12.04.2018.)

അല്ലെങ്കിൽ

കാലിക്കറ്റ് യൂണിവേഴ്സിറ്റി നൽകുന്ന കോസ്റ്റ്യൂം ആൻഡ് ഫാഷൻ ഡിസൈനിംഗിലുള്ള ബി.എസ്.സി ബിരുദം . (സ.ഉ.(കൈ) നം.40/2018/പൊ.വി.വ തീയതി 12.04.2018.)

അല്ലെങ്കിൽ

കേരള ഇൻഡസ്ട്രീസ് ആൻഡ് ലേബർ എംപ്ലോയ്മെന്റ് (KILE) നൽകുന്ന ഫാഷൻ ടെക്നോളജിയിലുള്ള ഡിപ്ലോമ.(സ.ഉ.(കൈ) നം.74/2018/പൊ.വി.വ തീയതി 29.05.2018.)

അല്ലെങ്കിൽ

ഇന്ദിരാ ഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റി നൽകുന്ന ഫാഷൻ ഡിസൈനിംഗിലുള്ള ഡിപ്ലോമ.( സ.ഉ.(കൈ) നം.114/2019/പൊ.വി.വ തീയതി 06.08.2019.)

അല്ലെങ്കിൽ

സ്റ്റേറ്റ് കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് നൽകുന്ന ഫാഷൻ ടെക്നോളജിയിലുള്ള സ്റ്റേറ്റ് ട്രേഡ് സർട്ടിഫിക്കറ്റ് (സ.ഉ.(കൈ)നം.85/2024/പൊ.വി.വ തീയതി 14.07.2024.)

അല്ലെങ്കിൽ

യു.ജി.സി അംഗീകരിച്ചിട്ടുള്ള യൂണിവേഴ്സിറ്റികളിൽ നിന്നുള്ള ഫാഷൻ ടെക്നോളജിയിലുള്ള ബിരുദം (സ.ഉ.(കൈ) നം.40/2025/പൊ.വി.വ തീയതി 10.03.2025)

അല്ലെങ്കിൽ

യു.ജി.സി അംഗീകരിച്ചിട്ടുള്ള യൂണിവേഴ്സിറ്റികളിൽ നിന്നുള്ള കോസ്റ്റ്യൂം ഡിസൈനിംഗിലുള്ള ബിരുദം (സ.ഉ.(കൈ) നം.40/2025/പൊ.വി.വ തീയതി 10.03.2025)

അല്ലെങ്കിൽ

ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ മിനിസ്ട്രി ഓഫ് ടെക്സ്റ്റൈൽസിന് കീഴിലുള്ള ദി അപ്പാരൽ ട്രെയിനിംഗ് ആൻഡ് ഡിസൈൻ സെന്റർ നടത്തുന്ന ഒരു വർഷത്തെ അപ്പാരൽ മാനുഫാക്ചറിങ്ങ് ടെക് നോളജി ഡിപ്ലോമ കോഴ്സ് (സ.ഉ.(കൈ) നം.109/2025/പൊ.വി.വ തീയതി 18.06.2025)

3) കേരള സർക്കാർ ഈ തസ്തികയ്ക്കായി നടത്തുന്ന കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് IV(കെ-ടെറ്റ് IV) പാസ്സായിരിക്കണം.

(Link)

EQUIVALENT / HIGHER QUALIFICATION

**എക്സംപ്ഷൻ:-** എം.എഡ് അല്ലെങ്കിൽ ബന്ധപ്പെട്ട വിഷയത്തിൽ തന്നെ സിടെറ്റ്/നെറ്റ്/സെറ്റ്/എം.ഫിൽ/പി.എച്ച്.ഡി യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ കെ-ടെറ്റ് യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് (G.O. (P) No. 145/16/G.Edn. തീയതി 30.08.2016, G.O. (P) No. 206/16/G.Edn. തീയതി 08.12.2016).

G.O.(P)No.6/2024/GEDN dtd 01.02.2024 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം CTET (പ്രൈമറി സ്റ്റേജ് & എലമെന്ററി സ്റ്റേജ്) യോഗ്യത നേടിയവരെ KTET Category IV യോഗ്യത നേടുന്നതിൽ നിന്നും ഒഴിവാക്കിയിട്ടില്ല.

**കുറിപ്പ്**

(I) G.O(P) No.15/2020/G.Edn Dated 09/10/2020 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം, K -TET -ന് പകരം നിശ്ചയിച്ചിട്ടുള്ള M.Ed യോഗ്യത ബന്ധപ്പെട്ട വിഷയത്തിലായിരിക്കണമെന്ന് നിഷ്കർഷിക്കേണ്ടതില്ല .

(ii) ബന്ധപ്പെട്ട വിഷയത്തിൽ നേടിയിട്ടുള്ള എം.ഫിൽ യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ളതോ കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചതോ ആയിരിക്കണം.

(iii) KS & SSR Part II Rule 10 a(ii) ഈ തസ്തികക്ക് ബാധകമാണ് .

(iv) ഈ വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾക്ക് പുറമേ എക്സിക്യൂട്ടീവ് ഉത്തരവുകൾ മുഖേനെയോ സ്റ്റാൻഡിംഗ് ഉത്തരവുകൾ മുഖേനെയോ നിശ്ചിത വിദ്യാഭ്യാസ യോഗ്യതയ്ക്ക് തത്തുല്യമായി സർക്കാർ പ്രഖ്യാപിക്കുന്ന യോഗ്യതകളും സ്പെഷ്യൽ റൂൾസിൽ നിഷ്കർഷിക്കുന്ന യോഗ്യതകൾക്ക് തത്തുല്യമായി കമ്മീഷൻ നിശ്ചയിക്കുന്ന യോഗ്യതകളും, നിർദ്ദിഷ്ട യോഗ്യതകൾ അടിസ്ഥാന യോഗ്യതയായിട്ടുള്ള ഉയർന്ന യോഗ്യതകളും സ്വീകരിക്കുന്നതാണ്. തത്തുല്യ യോഗ്യത/ഉയർന്ന യോഗ്യത സംബന്ധിച്ച സർക്കാർ ഉത്തരവുകൾ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

## 8. പ്രായപരിധി, നിയമനം ഇവ സംബന്ധിച്ച പ്രത്യേക ആനുകൂല്യങ്ങൾ:

(i) നിശ്ചിത യോഗ്യതയുള്ള ജവാന്മാരുടെ ഭാര്യമാർക്ക് അദ്ധ്യാപക നിയമനക്കാര്യത്തിൽ സാമുദായിക സംവരണ നിയമങ്ങൾക്ക് വിധേയമായി 12.02.1970-ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നമ്പർ 50/70/പി.ഡി., 21.01.1978-ലെ ജി.ഒ. (എം.എസ്) നമ്പർ 9/78/ജി.എഡ്യൂ എന്നിവ അനുസരിച്ച് മുൻഗണന നൽകുന്നതാണ്. അങ്ങനെയുള്ളവർ ഭർത്താവിന്റെ പേര്, മിലിട്ടറി റാങ്ക്, മിലിട്ടറി അഡ്രസ് മുതലായ സൈനിക സേവന വിവരങ്ങൾ ഉൾപ്പെടുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട കമാന്റിംഗ് ആഫീസറുടെ പക്കൽ നിന്നും നേടിയത് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. സേവനരംഗത്തുള്ള പട്ടാളക്കാരെയും ബേസ് എസ്റ്റാബ്ലിഷ്മെന്റിൽ പ്രവർത്തിക്കുന്നവരെയുമാണ് ജവാന്മാരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. [ജി.ഒ. (എം.എസ്) നമ്പർ 509/64/എഡ്യൂ. തീയതി 19.09.1964, ജി.ഒ. (എം.എസ്) നമ്പർ 614/65/എഡ്യൂ. തീയതി 09.11.1965, ജി.ഒ. (എം.എസ്) നമ്പർ 243/66/എഡ്യൂ. തീയതി 27.05.1966] ഈ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾ "താങ്കൾക്ക് ഏതെങ്കിലും രീതിയിലുള്ള മുൻഗണന ലഭിക്കുവാൻ അർഹതയുണ്ടോ" എന്നതിന് "ഉണ്ട്" എന്ന് തെരഞ്ഞെടുക്കുകയും മുൻഗണന സംബന്ധിച്ച വിശദാംശങ്ങൾ തുടർന്ന് രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

(ii) സംസ്ഥാനത്തെ ഡിപ്പാർട്ടുമെന്റൽ ഹൈസ്കൂളിൽ കുറഞ്ഞപക്ഷം അഞ്ചുവർഷം സർവ്വീസുള്ള ലാബറട്ടറി അറ്റൻഡർമാരെ അവർക്ക് നിശ്ചിതയോഗ്യതയുള്ള പക്ഷം പ്രായപരിധിയിൽ നിന്നും ഒഴിവാക്കുന്നതാണ്. അവർ സർവ്വീസിൽ പ്രവേശിച്ച തീയതിയും മൊത്തം സേവനകാലവും കാണിക്കുന്ന ഒരു സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട ഹെഡ് മാസ്റ്ററിൽ നിന്നും വാങ്ങി കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്. സർവ്വീസ് ആനുകൂല്യം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സാമുദായിക സംവരണാനുകൂല്യം ലഭിക്കുന്നതല്ല. (ജി.ഒ.(എം.എസ്) നം 315/62 എഡ്യൂ. തീയതി 14.05.62)

(iii) ഫസ്റ്റ് ക്ലാസ് സ്കൗട്ട്സിലും ഗൈഡ്സിലുംപെട്ടവർക്ക് നിയമനക്കാര്യത്തിൽ മുൻഗണന നൽകുന്നതാണ്. (ജി.ഒ. (എം.എസ്) നമ്പർ 122/75/ജനറൽ എഡ്യൂക്കേഷൻ തീയതി 27.05.1975). ഈ മുൻഗണന 12.02.1970 ലെ ജി.ഒ (എം.എസ്) 50/70/PD യിലെ നിബന്ധനകൾക്ക് വിധേയമായിരിക്കും.

**കുറിപ്പ്:-** മേൽപ്പറഞ്ഞ മുൻഗണനകൾക്കോ, ഉയർന്ന പ്രായ പരിധിയിലുള്ള ഇളവുകൾക്കോ, താഴെ പൊതുവ്യവസ്ഥകളിൽ രണ്ടാം ഖണ്ഡികയിൽ പറയുന്ന ഏതെങ്കിലും കാരണങ്ങളാൽ ഉയർന്ന പ്രായപരിധിയിൽ നിന്നും ഒഴിവാക്കപ്പെടുന്നതിനോ അർഹതയുള്ള ഉദ്യോഗാർത്ഥികൾ ആ വിവരം വൺ ടൈം രജിസ്ട്രേഷൻ പ്രൊഫൈലിലെ "വെയിറ്റേജ് ആന്റ് പ്രിഫറൻസസ്" ലിങ്ക് വഴി അവകാശപ്പെടേണ്ടതും വിശദാംശങ്ങൾ അതിനായി നൽകിയിട്ടുള്ള സ്ഥലത്ത് രേഖപ്പെടുത്തേണ്ടതുമാണ്. ഉയർന്ന പ്രായപരിധിയിലുള്ള ഇളവുകൾക്ക് അർഹതയുള്ള ഉദ്യോഗാർത്ഥികൾ ആയത് അവകാശപ്പെടാത്ത പക്ഷം പ്രായപരിധി കഴിഞ്ഞു എന്ന കാരണത്താൽ അപേക്ഷ നിരസിക്കപ്പെടാൻ ഇടയുണ്ട്. യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 വയസ്സ് കവിയാൻ പാടില്ലാത്തതാകുന്നു. (പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 കാണുക).

## 9. അപേക്ഷ സമർപ്പിക്കേണ്ട രീതി :-

ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെuser ID-യും password-ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം profile-ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link-ലെ '**Apply Now**' -ൽ മാത്രം click ചെയ്യേണ്ടതാണ്. **പുതുതായി രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികൾ ആറ് മാസത്തിനുള്ളിൽ എടുത്ത ഫോട്ടോഗ്രാഫ് upload ചെയ്യേണ്ടതാണ്.** ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് upload ചെയ്ത ഫോട്ടോയ്ക്ക് എടുത്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാ ഫീസ് നൽകേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ പ്രൊഫൈലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User Id പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷാസമർപ്പണത്തിനുശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. **ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലെ 'My applications' എന്ന Link-ൽ click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മീഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ print out കൂടി സമർപ്പിക്കേണ്ടതാണ്.** തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും

സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള അസൽ പ്രമാണങ്ങൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും. **ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്.**

10. **അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി : 14.01.2026 ബുധനാഴ്ച** രാത്രി 12 മണിവരെ.

11. **വെബ്സൈറ്റ് മേൽവിലാസം :** www.keralapsc.gov.in

12. **ഉദ്യോഗാർത്ഥികൾക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ:**

i) ഉദ്യോഗാർത്ഥി അപേക്ഷയിൽ അവകാശപ്പെട്ട ജാതി / സമുദായം എസ്. എസ്.എൽ.സി ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നതിൽ നിന്ന് വ്യത്യസ്തമാണെങ്കിൽ നോൺ ക്രീമീലെയർ സർട്ടിഫിക്കറ്റ് / ജാതി സർട്ടിഫിക്കറ്റിനോടൊപ്പം ജാതി വ്യത്യാസം സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം കൂടി പ്രമാണ പരിശോധനാ സമയത്ത് ഹാജരാക്കേണ്ടതാണ്.

ii) ഉദ്യോഗാർത്ഥികൾ ഗസറ്റ് വിജ്ഞാപനത്തോടൊപ്പം ഭാഗം II ആയി ഉൾപ്പെടുത്തിയിട്ടുള്ള പൊതു വ്യവസ്ഥകൾ കൂടി വായിച്ച് മനസ്സിലാക്കിയ ശേഷമായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്. പൊതു വ്യവസ്ഥകൾക്ക് വിരുദ്ധമായി സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

iii) വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റൂൾസ് ഓഫ് പ്രൊസിജീയർ 1976 റൂൾ 22 പ്രകാരം ഏതൊരു ജോലിക്ക് അവർ അപേക്ഷിക്കുന്നുവോ അതിലേയ്ക്ക് പരിഗണിക്കപ്പെടുന്നതിന് അയോഗ്യരാക്കുകയോ , സ്ഥിരമായോ ഒരു നിശ്ചിത കാലത്തേയ്ക്കോ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് അപേക്ഷകൾ അയക്കുന്നതിൽ നിന്നും നിരോധിക്കുകയോ, അവർ പങ്കെടുക്കുന്ന പ്രായോഗിക പരീക്ഷയിൽ നിർമ്മിക്കുന്ന സാധനങ്ങളോ, എഴുത്ത് പരീക്ഷയിലെ ഉത്തരക്കടലാസുകളോ അസാധുവാക്കുകയോ, അവരുടെ മേൽ നിയമ നടപടികൾ എടുക്കുകയോ, അവർ ഏതെങ്കിലും ജോലിയിൽ നിയമിക്കപ്പെട്ട് കഴിഞ്ഞുവെങ്കിൽ ആ ജോലിയിൽ നിന്നും അവരെ നീക്കം ചെയ്യുകയോ, ഡിസ്മിസ് ചെയ്യുകയോ, അനുയോജ്യമായ മറ്റ് അച്ചടക്ക നടപടികൾ/ നിയമനടപടികൾ അവർക്കെതിരെ സ്വീകരിക്കുകയോ , മേൽപ്പറഞ്ഞവയിൽ ഒന്നോ അതിലധികമോ നടപടികൾ അവർക്കെതിരെ കൈക്കൊള്ളുകയോ ചെയ്യുന്നതാണ്.

iv) ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ഒ.എം.ആർ/ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (Confirmation) അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷാ തീയതി വരെയുള്ള അവസാനത്തെ 15 ദിനങ്ങളിൽ ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നല്കാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചുമുള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള Mobile Phone number-ലും നൽകുന്നതാണ്.

(ഫോട്ടോ, I.D കാർഡ് ഉൾപ്പെടെയുള്ള വിശദ വിവരങ്ങൾക്ക് വിജ്ഞാപനത്തിന്റെ രണ്ടാം ഭാഗത്ത് ചേർത്തിരിക്കുന്ന പൊതുവ്യവസ്ഥകൾ നിർബന്ധമായി വായിച്ചു നോക്കുക)

സാജു ജോർജ്ജ്
സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ